**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 230** **08-08-2023 - ൽ മറുപടിയ്ക്ക്**

**ആരോഗ്യവകുപ്പിലെ നഴ്സിംഗ് സ്റ്റാഫ് പാറ്റേൺ പരിഷ്കരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. സജീവ് ജോസഫ്</th><th colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ആരോഗ്യവകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സ്റ്റാഫ് നഴ്സിംങ് ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിന്നും ഗ്രേഡ് I തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചത് എത്ര പേർക്കാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;</td><td>(എ)</td><td>
<table>
<tr><th>ജില്ല</th><th>സ്ഥാനക്കയറ്റം ലഭിച്ചവരുടെ എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>394</td></tr>
<tr><td>കൊല്ലം</td><td>139</td></tr>
<tr><td>പത്തനംതിട്ട</td><td>102</td></tr>
<tr><td>ആലപ്പുഴ</td><td>172</td></tr>
<tr><td>കോട്ടയം</td><td>160</td></tr>
<tr><td>ഇടുക്കി</td><td>68</td></tr>
<tr><td>എറണാകുളം</td><td>290</td></tr>
<tr><td>തൃശ്ശൂർ</td><td>185</td></tr>
<tr><td>പാലക്കാട്</td><td>228</td></tr>
<tr><td>മലപ്പുറം</td><td>272</td></tr>
<tr><td>കോഴിക്കോട്</td><td>241</td></tr>
<tr><td>വയനാട്</td><td>89</td></tr>
<tr><td>കണ്ണൂർ</td><td>222</td></tr>
<tr><td>കാസർഗോഡ്</td><td>92</td></tr>
<tr><td>ആകെ</td><td>2654</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ആർദ്രം മൂന്നാം ഘട്ടത്തിന്റെ ഭാഗമായി സ്റ്റാഫ് പാറ്റേൺ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ സ്റ്റാഫ് നഴ്സിംങ് ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;</td><td>(ബി)</td><td>ഇല്ല</td></tr>
<tr><td>(സി)</td><td>ആരോഗ്യവകുപ്പിലെ രോഗി, നഴ്സ് അനുപാതം കാലാനുസൃതമായി പരിഷ്കരിച്ച് അധിക തസ്തിക സൃഷ്ടിച്ച് നഴ്സുമാരുടെ ജോലി ഭാരം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?</td><td>(സി)</td><td>2016-21 വരെ മുൻ സർക്കാരിന്റെ കാലയളവിൽ 1030 സ്റ്റാഫ് നഴ്സ് തസ്തികകളും, ഈ സർക്കാരിന്റെ കാലയളവിൽ 206 സ്റ്റാഫ് നഴ്സ് തസ്തികകളും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ ആർദ്രം മാനദണ്ഡം അനുസരിച്ച് ഓരോ തലത്തിലുമുള്ള ആരോഗ്യ സ്ഥാപനങ്ങളിലും ഉണ്ടായിരിക്കേണ്ട തസ്തികകൾ പുനർനിർവചിച്ച് ഉത്തരവാകുകയും ആയതിന്റെ</td></tr>
</table>

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ നിലവിലുള്ള രോഗീ-നഴ്സ് അനുപാതത്തിനുപരിയായി സ്റ്റാഫ് നഴ്സ് അടക്കമുള്ള തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ, ദേശീയ ആരോഗ്യ ദൗത്യം, ആശുപത്രി വികസന സമിതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ മുഖേനയും സ്റ്റാഫ് നഴ്സുമാരെ നിയമിച്ച് നഴ്സുമാരുടെ ജോലിഭാരം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിലുള്ള രോഗി - നഴ്സ് അനുപാതം പരിഷ്കരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ